# The Trichur Urban Co-operative Bank Ltd. No. 87

Head Office : Mission Quarters, Thrissur -1.
HO-0487-2429245. **E-mail : recovery@tucb.in**

# വസ്തു വിൽപ്പന നോട്ടീസ്

## പൊതുനിബന്ധനകൾ

താഴെ പ്രസിദ്ധീകരിച്ച വസ്തുവിൽപ്പന നോട്ടീസിൽ പ്രസ്താവിച്ച വസ്തുക്കൾ ബാങ്കിന്റെ ഹെഡ്ഓഫീസിൽ വെച്ച് SARFAESI ACT 2002 അനുസരിച്ച് 12-08-2026ന് രാവിലെ 11 മുതൽ ക്വട്ടേഷനുകൾ സ്വീകരിച്ച് വിൽപ്പന നടത്തുന്നതാണ്. വസ്തുക്കളുടെ വിൽപ്പനയ്ക്ക് മുൻപായി ക്വട്ടേഷനുകൾ റിസർവ്വ് പ്രൈസിന്റെ 5% തുക ഡെപ്പോസിറ്റ് സഹിതം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ തങ്ങളുടെ തിരിച്ചറിയൽ രേഖ കൊണ്ടുവരണം. റിസർവ്വ് പ്രൈസിൽ താഴെയുള്ള ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷനുകൾ സമർപ്പിക്കുന്ന വ്യക്തിയുടെ പേർക്ക് കച്ചവടം ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ സംഖ്യയുടെ 25% തുക തൊട്ടടുത്ത പ്രവർത്തി ദിവസത്തിനുള്ളിൽ അടവാക്കേണ്ടതും ആ തുക അടക്കാതിരുന്നാൽ നിരത ദ്രവ്യം കണ്ടുകെട്ടുന്നതുമാണ്. ബാക്കി 75% തുക ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ കൺഫർമേഷൻ കിട്ടിയശേഷം 15 ദിവസത്തിനകം അടവാക്കേണ്ടതും, ആയതിനു വീഴ്ചവന്നാൽ ആദ്യം അടച്ച 25% തുക കണ്ടുകെട്ടുന്നതുമാണ്. യാതൊരുകാരണവും കാണിക്കാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനും വിൽപ്പന നിർത്തിവെക്കുന്നതിനും ബാങ്കിന് സമ്പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. വസ്തുവിൽപ്പനയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ബാങ്കിന്റെ ഹെഡ്ഓഫീസുമായി ബന്ധപ്പെടുക.

**(സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് നിയമം 2002 ലെ വകുപ്പ് 13, റൂൾ 8(5)(a) & 9 പ്രകാരം വായ്പകാർക്കും ജാമ്യക്കാർക്കും നൽകിയ വസ്തുവിൽപ്പന നോട്ടീസ്)**

**Ref. No: KND POD 51. To,** 1) ശ്രീമതി. ശാന്ത, W/o. വേലായുധൻ, തലേപറമ്പിൽ ഹൗസ്, കൈപ്പിള്ളി, മിനി എസ്റ്റേറ്റ് റോഡ്, അരിമ്പൂർ P.O., തൃശ്ശൂർ - 680 020, 2) ശ്രീ. വേലായുധൻ, S/o കൊച്ചുണ്ണി, തലേപറമ്പിൽ ഹൗസ്, കൈപ്പിള്ളി, മിനി എസ്റ്റേറ്റ് റോഡ്, അരിമ്പൂർ P.O., തൃശ്ശൂർ - 680 020, 3) ശ്രീ. ജഗൻ, S/o വേലായുധൻ, തലേപറമ്പിൽ ഹൗസ്, കൈപ്പിള്ളി, മിനി എസ്റ്റേറ്റ് റോഡ്, അരിമ്പൂർ P.O., തൃശ്ശൂർ - 680 020

സർ,

വിഷയം: നിഷ്ക്രിയ ആസ്തിയായ (Non Performing Asset) വായ്പ സംബന്ധിച്ച് ഈടാക്കൽ നടപടി – പണയപ്പെടുത്തിയ വസ്തു വിൽപ്പന നോട്ടീസ് (Notice For Sale)

സൂചന: 1) 02.01.2018 ന് ഉപവകുപ്പ് 13(2) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസ്.
2) 03.12.2018 ന് ഉപവകുപ്പ് 13(4) പ്രകാരം നൽകിയ കരസ്ഥപ്പെടുത്തൽ നോട്ടീസ്

സൂചന 1, 2 ൽ പറയുന്ന പ്രകാരമുള്ള നോട്ടീസുകൾ നൽകിയിട്ടും താങ്കൾ വായ്പ തിരിച്ചടക്കാത്തതിനാൽ തൃശൂർ അർബൻ കോ–ഓപറേറ്റീവ് ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലക്ക് താഴെ A പട്ടികയിൽ വിവരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പന നടത്തുന്നതിനുള്ള ഈ വിൽപ്പന നോട്ടീസ് നൽകുന്നു.

പണയപ്പെടുത്തിയ വസ്തുവിന്റെ വിവരം :- ജില്ല - തൃശ്ശൂർ, സബ് ഡിസ്ട്രിക്ട്- അയ്യന്തോൾ, വില്ലേജ് - വെളുത്തൂർ, സർവ്വേ നമ്പർ - 321/1 ഭാഗം, വിസ്തൃതി - 2.63 ആർസ്, വിവരണം :- മേൽപടി സ്ഥലവും കെട്ടിടവും അതിൽപ്പെട്ട സകല കുഴിക്കൂറ് ചമയങ്ങളും അവകാശങ്ങളും. അതിരുകൾ:- കിഴക്ക് - റോഡ്, വടക്ക് - കമലം വക സ്ഥലം, പടിഞ്ഞാറ് - വാലപറമ്പിൽ സുദേവൻ വക സ്ഥലം, തെക്ക് - തലേപറമ്പിൽ രാജു വക സ്ഥലം.

**1) കടബാദ്ധ്യത സംബന്ധിച്ച വിവരം** :– ലോൺ അക്കൗണ്ട് നമ്പർ KND POD 51 (കുന്നത്തങ്ങാടി ശാഖ) ബാങ്കിലേക്ക് കിട്ടേണ്ട തുക (Secured Debt) Rs 9,06,051/- 07.07.2026 തീയ്യതി വരെ (കൂടാതെ അതിനുശേഷമുണ്ടാകുന്ന പലിശയും മറ്റു ചിലവുകളും)

**2) പണയവസ്തുവിൻറെ ഇപ്പോഴത്തെ മതിപ്പു വില** :– അംഗീകൃത വില നിർണ്ണയ ഉദ്യോഗസ്ഥൻ (Approved Valuer) കണക്കാക്കിയ വില Rs. 9,37,000/-

**3) സംവരണ വില (Reserve Price): Rs.9,37,000/-**

നിങ്ങൾ വായ്പ സംഖ്യ മുഴുവനായും അടച്ചു തീർക്കാത്തതിനാൽ പണയ വസ്തു 12.08.2026 തീയ്യതി പകൽ 11 മണിക്ക് തൃശ്ശൂർ മിഷ്യൻ ക്വാർട്ടേഴ്സിലുള്ള ബാങ്കിന്റെ ഹെഡ് ഓഫീസിൽ വച്ച് SARFAESI ACT 13 വകുപ്പ് – 8 (5)(a) & 9 ചട്ടപ്രകാരം വാങ്ങാൻ താൽപര്യമുള്ള ആളുകളിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ച് വിൽപ്പന നടത്തുന്നതാണെന്ന് ഈ നോട്ടീസ് മുഖേന നിങ്ങളെ/താങ്കളെ അറിയിക്കുന്നു.

സ്ഥലം : തൃശ്ശൂർ , തിയ്യതി :07.07.2026. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ